## അനുബന്ധം എച്ച് 4

## അറിയിപ്പ്

പത്തനംതിട്ട ജില്ലാ ട്രഷറിയിൽ നിലവിലുള്ള 799010100199099 നമ്പർ ടി.എസ്.ബി അക്കൗണ്ടുമായി ബന്ധപ്പെട്ട് നടന്ന ക്രമവിരുദ്ധ ഇടപാടുകളിന്മേൽ വിശദമായ ഒരു വകുപ്പുതല അന്വേഷണം നടത്തുവാൻ 12/01/2022-ലെ ടി.ആർ.വൈ/155/2022-വജി1 നമ്പർ പ്രകാരം ട്രഷറി ഡയറക്ടർ ഉത്തരവായിരുന്നു. പ്രസ്തുത അന്വേഷണത്തിന്റെ ഭാഗമായി താങ്കളുടെ മൊഴി രേഖപ്പെടുത്തുന്നതിലേയ്ക്കായി 08/03/2022-ന് രാവിലെ 11.00 മണിയ്ക്ക് ട്രഷറി ഡയറക്ടറേറ്റിൽ ഹാജരാകുവാൻ 05/03/2022-ലെ ടി.ആർ.വൈ/155/2022-വജി1 നമ്പർ പ്രകാരം രജിസ്റ്റേർഡ് തപാലിൽ റാന്നി-പെരുനാട് സബ് ട്രഷറിയിലെ ട്രഷറർ (u/s) ശ്രീ.സി.ടി. ഷഹീർ എന്ന താങ്കൾക്ക് നോട്ടീസ് നൽകിയെങ്കിലും അന്നേദിവസം താങ്കൾ ഹാജരാകുകയുണ്ടായില്ല. വ്യക്തിപരമായ കാരണങ്ങളാൽ അന്നേ ദിവസം താങ്കൾക്ക് ഹാജരാകാൻ കഴിയില്ലെന്നും അതിനാൽ മറ്റൊരു തീയതിയിലേയ്ക്ക് എൻക്വയറി മാറ്റിവയ്ക്കണമെന്നും താങ്കളുടെ ഭാര്യ 05/03/2022-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് മൊഴി രേഖപ്പെടുത്തുന്നതിലേയ്ക്കായി 21/03/2022-ന് രാവിലെ 10.30-ന് ട്രഷറി ഡയറക്ടറേറ്റിൽ ഹാജരാകുവാൻ നിർദ്ദേശിച്ചുകൊണ്ട് 08/03/2022-ലെ ടി.ആർ.വൈ/ 155/ 2022-വിജി1 നമ്പർ പ്രകാരം രജിസ്റ്റേർഡ് തപാലിൽ താങ്കൾക്ക് നോട്ടീസ് നൽകിയെങ്കിലും ആയത് താങ്കൾ കൈപ്പറ്റാത്തതിനാൽ തപാലധികൃതർ തിരികെ ലഭ്യമാക്കിയിരുന്നു. തുടർന്ന് അന്വേഷണത്തിന്റെ ഭാഗമായി ഹാജരാകുന്നതിന് താങ്കൾക്ക് മറ്റൊരു അവസരം നൽകുവാൻ തീരുമാനിക്കുകയും ആയതിൻ പ്രകാരം 07/04/2022-ന് രാവിലെ 11.00-ന് ട്രഷറി ഡയറക്ടറേറ്റിൽ അന്വേഷണ ഉദ്യോഗസ്ഥനായ ട്രഷറി ജോയിന്റ് ഡയറക്ടർ II-ന്റെ ക്യാബിനിൽ മൊഴി രേഖപ്പെടുത്തുന്നതിലേയ്ക്കായി ഹാജരാകുവാൻ 26/03/2022-ലെ ടി.ആർ.വൈ/155/2022-വിജി1 നമ്പർ

പ്രകാരം രജിസ്റ്റേർഡ് തപാലിൽ താങ്കൾക്ക് നോട്ടീസ് നൽകിയെങ്കിലും ആയതും താങ്കൾ കൈപ്പറ്റുകയുണ്ടായില്ല.

ഈ സാഹചര്യത്തിൽ വിശദമായ വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി താങ്കളുടെ മൊഴി രേഖപ്പെടുത്തുന്നതിലേയ്ക്കായി **26/04/2022**-ന് **11.00 AM**-ന് ട്രഷറി ഡയറക്ടറേറ്റിൽ അന്വേഷണ ഉദ്യോഗസ്ഥനായ ട്രഷറി ജോയിന്റ് ഡയറക്ടർ ശ്രീ.കെ.ആർ.ജിജു പ്രജിത്ത് മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശിക്കുന്നു. അന്നേ ദിവസം താങ്കൾ ഹാജരാകാത്ത പക്ഷം താങ്കളുടെ ഭാഗം കേൾക്കുവാൻ ഇനിയൊരു അവസരം നൽകുന്നതല്ലെന്നും ടി വിഷയത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

കെ.ആർ.ജിജു പ്രജിത്ത്
ട്രഷറി ജോയിന്റ് ഡയറക്ടർ /
എൻക്വയറി ഓഫീസർ.

സ്വീകർത്താവ്

**Shri.C.T.Shaheer**
**( Treasurer** (U/S ), Sub Treasury Ranni-Perunad)
**Chempakasseril House, Kulathoor.P.O**
**Vaypoor,Pathanamthitta- 689588**